Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 8/18**

# അതിരൂപതാ കുടുംബദിനം

മിശിഹായിൽ പ്രിയ കുടുംബങ്ങളേ,

ഇന്ന് തിരുകുടുംബ ഞായറാഴ്ച നമ്മുടെ അതിരൂപതയിൽ കുടുംബ ദിനമായി ആചരിക്കുകയാണല്ലോ. നിങ്ങൾക്കെല്ലാവർക്കും കുടുംബദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ അതിരൂപതയുടെ പ്രസരിപ്പിനും ദൈവരാജ്യദൗത്യത്തിലുള്ള വളർച്ചയ്ക്കും കാരണം നമ്മുടെ കുടുംബങ്ങളാണെന്ന സത്യം ഈ അവസരത്തിൽ ഞാൻ പ്രത്യേകം സ്മരിക്കുന്നു. സുഖത്തിലും ദുഃഖത്തിലും വിശ്വസ്തതയോടെ വർത്തിച്ച് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്ന ദമ്പതികളെയും, ദൈവം തന്ന മക്കളെ ഇരുകൈയ്യും നീട്ടി സ്വീകരിച്ച് അവരെ വളർത്തുവാൻ അത്യധ്വാനം നടത്തുന്ന എല്ലാ മാതാപിതാക്കളെയും പ്രത്യേകിച്ച് ജീവിത സഖി നഷ്ടപ്പെട്ട് തനിയെ മക്കളെ വളർത്തുന്ന വിധവകളെയും വിഭാര്യരെയും, വാർദ്ധക്യത്തിലെത്തിയിരിക്കുന്ന മാതാപിതാക്കളെ സന്മനസ്സാ ശുശ്രൂഷിക്കുന്ന എല്ലാ മക്കളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. മാത്രമല്ല കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുവാൻ സമർപ്പണബോധത്തോടെ അധ്വാനിക്കുന്ന എല്ലാ കുടുംബപ്രേഷിത പ്രവർത്തകരെയും ഈ ദിനത്തിൽ ഞാൻ അനുമോദിക്കുന്നു.

ഫ്രാൻസിസ് പാപ്പാ സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെ, പൂർണ്ണത കൈവരിച്ച കുടുംബങ്ങൾ ഭൂമിയിലില്ല. എല്ലാ കുടുംബങ്ങളും പൂർണ്ണതയുടെ പാതയിലാണ്. ആയതിനാൽ, ഒരു കുടുംബത്തെയും നമ്മുടെ അജപാലനശുശ്രൂഷയിൽ നിന്നു മാറ്റി നിർത്തരുത്. നമ്മുടെ ഇടയിൽ സാമ്പത്തികമായി തളർന്നവരെ സഹായിക്കുകയെന്ന നല്ല രീതി ഇപ്പോൾ ഇടവകകളിലും കുടുംബങ്ങളിലും വ്യക്തികളിലും കൂടുതലായി കണ്ടുവരുന്നുണ്ട്. ഇത് പ്രോത്സാഹനജനകമാണ്. എന്നാൽ, ഇവയിൽ മാത്രം ഒതുങ്ങരുത്. നമ്മുടെ ചുറ്റിലുമുള്ള ഒത്തിരിയേറെ കുടുംബങ്ങൾ ബന്ധങ്ങളിൽ വിള്ളലുകൾ അനുഭവിക്കുന്നുണ്ട്. ജീവിതപങ്കാളിയുടെ വികലമായ സ്വഭാവം കാരണം വിവാഹജീവിതം ആരോഗ്യകരമായി നയിക്കുവാൻ ഏറെ ബുദ്ധിമുട്ടുന്ന വ്യക്തികളുണ്ട്. ചിലർ അസഹനീയമായ സാഹചര്യമെന്ന് അവർക്ക് തോന്നിയപ്പോൾ വിവാഹമോചനം നടത്തി. മറ്റു ചിലർ വിവാഹമോചനത്തിന്റെ വക്കിലെത്തി നിൽക്കുന്നു, ഈശോയുടെ നാമത്തിൽ ദേവാലയത്തിൽവച്ച് ആശീർവദിക്കപ്പെട്ട വിവാഹങ്ങൾ വേർപിരിയുന്നത് ഏറെ ദുഖകരമാണ്. എന്നാൽ, അവരെ നമ്മുടെ അജപാലന ശുശ്രൂഷയിൽ നിന്നു തെറ്റുചെയ്തവർ എന്ന നിലയിൽ മാറ്റിനിർത്തുന്നത് ഉചിതമല്ല. മക്കളെ വളരെ പ്രതീക്ഷയോടെ വളർത്തിയിട്ട് അവർ വഴിതെറ്റി നടക്കുന്ന അവസ്ഥ കാണേണ്ടിവരുന്ന കുടുംബങ്ങളെ നമ്മൾ സഭയോട് ചേർത്ത് നിർത്തണം. സ്വവർഗ ആഭിമുഖ്യമുള്ള വ്യക്തികളെ ഒറ്റപ്പെടുത്തി മാറ്റിനിർത്താതെ സഭയുടെ പ്രത്യേക ശ്രദ്ധ അവർക്ക് നൽകണം. മുറിവേറ്റ വ്യക്തികളെ അവഗണിക്കാതെ അവരുടെ ജീവിതത്തിന്റെ മഹത്വത്തെ ഗൗരവമായി പരിഗണിച്ചുകൊണ്ട് ആതുരാലയ ചൈതന്യത്തോടെ (സ്നേഹത്തിന്റെ ആനന്ദം, 291) സൗഖ്യത്തിന്റെ ലേപനം പുരട്ടുന്ന ഒരു കൂട്ടായ്മയായി നമ്മുടെ ഇടവകകൾ മാറണം. വഴി തെറ്റിയതിനെ തേടിനടക്കുന്ന ഇടയനായ ഈശോയുടെ മാതൃക സ്വീകരിച്ച് മുറിവേറ്റവർക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന നമ്മുടെ ഇടവകകൾ നല്കണം.

തകർന്ന കുടുംബങ്ങളെ കൂട്ടിയിണക്കുവാൻ, മുറിവേറ്റവരെ സുഖപ്പെടുത്തുവാൻ കുടുംബങ്ങൾതന്നെ മുന്നോട്ടിറങ്ങണം. സഹോദരങ്ങളുടെ ദുഃഖം കണ്ടിട്ടും മനസ്സലിയാതെയും അവരുടെ മുറിവുണക്കുവാൻ മുൻകൈ എടുക്കാതെയുമിരിക്കുന്നത് ക്രിസ്തീയ കുടുംബത്തിനു ചേർന്നതല്ല. നമ്മുടെ ഇടവകകളിൽ വൈദീകരോടും സന്യസ്തരോടും ചേർന്ന് അജപാലന ശുശ്രൂഷയിൽ ഏർപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഈ സ്ഥിതിക്ക് മാറ്റം വരേണ്ടത് അത്യാവശ്യമാണ്.

അടുത്ത വർഷത്തെ നമ്മുടെ അതിരൂപതാ കുടുംബപ്രേഷിത പ്രവർത്തനങ്ങളുടെ ആപ്തവാക്യം "തിരുവിവാഹിതർ സഭയിലെ സഹഇടയർ" എന്നതാണ്. സഭയിൽ വിവാഹ ജീവിതം നയിക്കുന്ന ഒരോ വ്യക്തിക്കും ഇടയ ധർമ്മമുണ്ട്. കുടുംബം ഗാർഹീക സഭയാണ്. ഈ സഭയുടെ നേതാവ് എന്ന നിലയിൽ

വിശാല അർത്ഥത്തിൽ ഒരോ  വിവാഹിതരും കുടുംബത്തിൽ ഇടയരാണ്. ഒരു മെത്രാനെന്ന നിലയിൽ ഈ അതിരൂപതയിലെ അജപാലന ശുശ്രൂഷ എന്നെ ഏല്പിച്ചിരിക്കുന്നതുപോലെ കുടുംബങ്ങളുടെ  അജപാലന ശുശ്രൂഷ വിവാഹിതരെയാണ് ഏല്പിച്ചിരിക്കുന്നത്. സത്യവിശ്വാസത്തിലും സന്മാർഗത്തിലും വ്യാപരിക്കുന്നവിധത്തിൽ കുടുംബാംഗങ്ങൾക്കു പോഷണം നല്കുക, മേൽനോട്ടം വഹിക്കുക, നേതൃത്വം നല്കുക, അവരെ സംരക്ഷിക്കുക, നയിക്കുക, എന്നിവ കുടുംബത്തിലെ ഇടയരായ വിവാഹിതരുടെ ഉത്തരവാദിത്വമാണ്. പരസ്പരം പ്രകടിപ്പിക്കുന്ന കരുതൽ, സമർപ്പണം, ദൈവാശ്രയബോധം, ക്ഷമ, കാരുണ്യം എന്നിവവഴി വിവാഹിതർ തങ്ങളുടെ കുടുംബാംഗങ്ങൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തണം. വളർന്നു വരുന്ന മക്കൾ ക്രിസ്തുവാകുന്ന സൗന്ദര്യത്തിലേക്ക് മാതാപിതാക്കൾവഴി ആകർഷിക്കപ്പെടണം. കുടുംബത്തിലെ ഒരംഗം പോലും വിശ്വാസത്തിൽനിന്ന് അകന്നുപോകാതിരിക്കുവാൻ വിവാഹിതർ അതീവ ജാഗരൂകത പാലിക്കണം.

കുടുംബമാകുന്ന ഗാർഹീക സഭക്ക് നേതൃത്വം നല്കുന്ന വിവാഹിതർക്ക് കുടുംബത്തിനു പുറത്തു സഭയിലും സമൂഹത്തിലും അജപാലന ശുശ്രൂഷ നിർവ്വഹിക്കുവാനുണ്ട്. ഒരോ ക്രിസ്തീയ കുടുംബവും പ്രേഷിത കുടുംബമാണ്. കുടുംബങ്ങളുടെ സ്വകാര്യവത്ക്കരണം ക്രിസ്തീയ അരൂപിയ്ക്കു ചേർന്നതല്ല. സ്വന്തം കുടുംബാംഗങ്ങളുടെ ക്ഷേമം മാത്രമായിരിക്കരുത് ഒരു കുടുംബത്തിന്റെ ലക്ഷ്യം, മറിച്ച്, ഒരോ കുടുംബത്തിനും പകരംവയ്ക്കാനാകാത്ത സാമൂഹീക ഉത്തരവാദിത്വമുണ്ട്. വിവാഹമോചനത്തിന്റെ വക്കിലെത്തി നില്കുന്ന ദമ്പതികൾ, വിവാഹപ്രായമെത്തിയിട്ടും വിവാഹം ചെയ്യാനാകാതെ വിഷമിക്കുന്ന അനേകം യുവാക്കന്മാർ, അവഗണനയുടെ കയ്പ് കടിച്ചിറക്കി കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ, മാതാപിതാക്കളുടെ അനാരോഗ്യകരമായ പ്രതികരണങ്ങൾ മൂലം വൈകല്യത്തിന്റെ ഉടമകളായി മാറുന്ന കുഞ്ഞുമക്കൾ, യുവത്വത്തിന്റെ ചുറുചുറുക്കിൽ മദ്യത്തിനും മറ്റു ദുഃശീലങ്ങൾക്കും അടിമയായി മാറുന്ന ചെറുപ്പക്കാർ, ഭിന്നശേഷിയുള്ള മക്കളെ വളർത്തുവാൻ കഷ്ടപ്പെടുന്ന മാതാപിതാക്കൾ ഇവരെയെല്ലാം നമ്മുടെ കുടുംബത്തോടു ചേർത്തു നിർത്തണം. സഭയാകുന്ന കുടുംബത്തിന്റെ വാത്സല്യം അവർക്ക് നല്കണം.

സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെ ഉയർച്ചയ്ക്കുവേണ്ടി ഇടവകയുടെ ഇടയനായ വികാരിയച്ചനോടൊപ്പം അജപാലനത്തിലും സുവിശേഷവേലയിലും ഏർപ്പെടണം. ഈ അർത്ഥത്തിൽ വിവാഹിതർ സഹഇടയ ധർമ്മം നിർവ്വഹിക്കേണ്ടവരാണ്. ഇടവകയുടെ ഇടയനും കുടുംബമാകുന്ന ഗാർഹീക സഭയുടെ ഇടയരും അജപാലന ശുശ്രൂഷയിലെ സഹകാരികളാണ്. അജപാലനത്തിൽ  വൈദീകർക്കും, വിവാഹിതർക്കും അവരുടേതായ ഇടമുണ്ട്. ഈ ഇടങ്ങൾ പരസ്പരം ബഹുമാനിക്കപ്പെടേണ്ടതാണ്. സഭയെ കുടുംബങ്ങളുടെ കുടുംബമായിക്കണ്ട് വൈദീകരും  വിവാഹിതരും അജപാലന ശുശ്രൂഷയിൽ ഏർപ്പെടണം.

ഇപ്രകാരം കുടുംബങ്ങളുടെ സഹകരണത്തോടെ നമ്മുടെ അതിരൂപതയിലെ അജപാലന ശുശ്രൂഷ കൂടുതൽ ഫലവത്താകട്ടെയെന്നു ഞാൻ ആഗ്രഹിക്കുന്നു. ആരേയും മാറ്റിനിർത്താത്ത സ്നേഹത്തിന്റെ ഉടമകളായി, തെറ്റുചെയ്തവനേയും മാറോടു ചേർക്കുന്ന യേശുക്രിസ്തുവിന്റെ മക്കളായി നമ്മൾ രൂപാന്തരപ്പെടുവാൻ തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വാത്സല്യത്തോടെ,

+ Manathodam

**ജേക്കബ് മനത്തോടത്ത് പിതാവ്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

26/12/2018

............................................

NB: ഈ സർക്കുലർ **2018 ഡിസംബർ 30-ാം തീയതി** ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.